# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2859 — 20.07.2011-ൽ മറുപടിയ്ക്ക്

## അഡ്വഞ്ചർ സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ശ്രീരാമകൃഷ്ണൻ:** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | അഡ്വഞ്ചർ സ്പോർട്ട്സിനങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ; | (എ) | അഡ്വഞ്ചർ സ്പോർട്ട്സിനമായ മലകയറ്റം പ്രോത്സാഹിപ്പിക്കാനായി സ്പോർട്ട്സ് കൗൺസിൽ അംഗീകാരമുള്ള കേരള മൗണ്ടനീയറിംഗ് അസോസിയേഷൻ എല്ലാവർഷവും നടത്തി വരുന്ന മലകയറ്റ ട്രെയ്നിംഗ് ക്യാമ്പ് നടത്തുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ധനസഹായമായി 30,000/-രൂപ ഗ്രാന്റായി നൽകി വരുന്നു. കേരളാ മൗണ്ടനീയറിംഗ് അസോസിയേഷൻ ട്രക്കിംഗ്, റിവർ ക്രോസിംഗ്, റോപ്പ് ക്ലൈംബിംഗ്, വാലി ക്രോസിംഗ് തുടങ്ങിയ ഇനങ്ങളിലും മത്സരം നടത്തി വരുന്നുണ്ട്. കൂടാതെ നെയ്യാർ വനത്തിലെ ചിമ്മിനി പാറകളിൽ ചിമ്മിനി ക്ലൈംബിഗ് ട്രെയ്നിംഗും, മത്സരങ്ങളും നടത്തുന്നുണ്ട്. അഡ്വഞ്ചർ സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കിയിലെ ദേവികുളത്തും, കണ്ണൂരിലെ മുഴപ്പിലങ്ങാട് ബീച്ചിലും അഡ്വഞ്ചർ അക്കാഡമി പ്രവർത്തിച്ചു വരുന്നു. എല്ലാ വർഷവും അഡ്വഞ്ചർ കാർണിവൽ സംഘടിപ്പിക്കാറുണ്ട്. ഇതിൽ വാനസാഹസിക ഇനങ്ങളായ പാരാഗ്ലൈഡിംഗ്, പാരാസെയ്ലിംഗ്, ഹോട്ട് എയർ ബലൂൺ എന്നിവയും ജല സാഹസിക ഇനങ്ങളായ അക്വാസെയ്ലിംഗ്, ബനാനറൈഡ്, വാട്ടർസ്കൂട്ടർ എന്നിവയും, കരസാഹസിക ഇനങ്ങളായ വാൾ ക്ലൈംബിംഗ്, മൗണ്ടൻ ട്രക്കിംഗ്, റോപ്പ് ക്ലൈംബിംഗ്, റിവർവാലി ക്രോസിംഗ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന യുവജനബോർഡ് സംഘടിപ്പിച്ചു വരുന്ന അഡ്വഞ്ചർ കായിക ഇനങ്ങൾക്ക് പുറമേ സ്പോർട്ട്സ് വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | | ഇതിനു പുറമേ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഗ്രാന്റ് - ഇൻ - എയ്ഡ് നിയമ പ്രകാരം Aero, Water, Terrestrial, വിഭാഗങ്ങളിലെ സാഹസിക സ്പോർട്ട്സ് വിഭാഗങ്ങളിൽ യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.